# ജന്മദിനാഘോഷത്തിന്റെ പ്രാമാണികത

സയ്യിദ് അബ്ദുർറഹ്മാൻ തങ്ങൾ

**മനുഷ്യന്** ആനന്ദവും അനുഭൂതിയും പകരുന്ന ആഘോഷങ്ങളുടെ ചരിത്രത്തിന് മനുഷ്യനോളം പഴക്കമുണ്ട്. ദൈവം പ്രവാചകന്മാരെ വിവിധ സമൂഹങ്ങളിലേക്ക് നിയോഗിച്ചപ്പോൾ ആരാധനയുടെ ഭാഗമായി ആഘോഷങ്ങളും നിശ്ചയിച്ച് കൊടുത്തിരുന്നു. ദൈവാർപ്പണത്തിന്റെ പ്രതീകമായ ഇത്തരം ഉത്സവങ്ങൾ ആചരിക്കുന്നത് ദൈവപ്രീതിക്കുവേണ്ടിയുള്ള ആരാധനയുമായിരുന്നു.

### ജന്മദിനാഘോഷങ്ങളുടെ പ്രാമാണികത

ജന്മദിനാഘോഷങ്ങളുടെ ആധികാരികത വിലയിരുത്തേണ്ടത് ദിവ്യപ്രോക്ത ഗ്രന്ഥങ്ങളെന്നറിയപ്പെടുന്ന വേദഗ്രന്ഥങ്ങളോ പ്രവാചകന്മാരുടെ പ്രഖ്യാപനങ്ങളോ അടിസ്ഥാനമാക്കിയാണ്. എന്നാൽ ഭൂമിയിലവതരിക്കപ്പെട്ട വേദഗ്രന്ഥങ്ങളോ അവയുടെ പ്രഘോഷകരായ പ്രവാചകന്മാരോ മഹാന്മാരുടെ ജന്മദിനങ്ങൾ പ്രത്യേകം ആഘോഷിക്കാൻ പഠിപ്പിച്ചിട്ടില്ല. ഏതെങ്കിലും പ്രവാചകന്റെ വിയോഗശേഷം അദ്ദേഹത്തിന്റെ സച്ചരിതരായ അനുയായികൾ ആ പ്രവാചകന്റെ ജന്മദിനം ആഘോഷിച്ചതായും ചരിത്രമില്ല. ഓരോ പ്രവാചകന്റെയും കാലശേഷം നൂറ്റാണ്ടുകൾ കഴിഞ്ഞാണ് അവരുടെ ജന്മദിനാഘോഷങ്ങൾ ആചരിക്കാൻ ആരംഭം കുറിച്ചത് എന്ന് ചരിത്രത്തിൽനിന്ന് വ്യക്തമായി മനസ്സിലാക്കാം. ഇത്തരം ആഘോഷങ്ങൾക്ക് മതത്തിന്റെയും ഭക്തിയുടെയും വർണം നൽകിയത് പുരോഹിതന്മാരാണ്.

### ക്രിസ്മസ്

ക്രൈസ്തവ ജനതയുടെ സുപ്രധാനമായ ആഘോഷമാണ് ക്രിസ്മസ്. കത്തോലിക്കരല്ലാത്ത ചില ക്രൈസ്തവ വിഭാഗങ്ങൾ മാത്രമാണ് ഈ ജന്മദിനാഘോഷത്തെ ചോദ്യം ചെയ്യുകയും അതിൽനിന്ന് മാറിനിൽക്കുകയും ചെയ്യുന്നത്.

"ക്രിസ്തുവിന്റെ ജനനത്തെ ഓർക്കുക എന്നർഥം വരുന്ന പൗരാണിക ഇംഗ്ലീഷ് പദങ്ങളായ Christes-Maesse എന്നീ പദങ്ങളിൽനിന്നാണ് ക്രിസ്മസ് (Christmas) എന്ന പദമുണ്ടായത്." (Encyclopedia - 1993, Vol-3, Page - 203).

"ക്രിസ്റ്റസ്–മെസ്സെ (Christes-Maesse) എന്നീ രണ്ട് ഇംഗ്ലീഷ് വാക്കുകൾ ചേർന്നാണ് ക്രിസ്മസ് എന്ന പദം ഉണ്ടായിട്ടുള്ളത്. ക്രിസ്തുവിന്റെ ആഗമനം, ജനനം എന്നാണ് ഇതിന്റെ അർഥം. (സർവ വിജ്ഞാന കോശം Published by The State Institute of Encyclopedia Publication, 1990, Vol: 9, Page: 368).

ആഘോഷദിനം ഡിസം. 25 ആയി ഗണിക്കപ്പെടുന്നുവെങ്കിലും ഡിസംബർ മാസത്തിന്റെ ആരംഭത്തോടെ ആഘോഷത്തിന് വേണ്ടി ഒരുക്കം തുടങ്ങുകയായി. ഡിസംബർ 25 അതിരാവിലെ തന്നെ വിശ്വാസികൾ ചർച്ചുകളിൽ പ്രാർഥനയിൽ പങ്കെടുക്കാനെത്തുന്നു. പുതുവസ്ത്രങ്ങളണിഞ്ഞ് കുട്ടികളും കുടുംബാംഗങ്ങളും സുഭിക്ഷമായ ഭക്ഷണവും കഴിച്ച് – ചിലർ വീഞ്ഞും കുടിച്ച് –ഉല്ലാസ ഭരിതരായി തന്നെ ക്രിസ്മസ് ആഘോഷിക്കുന്നു.

### ക്രിസ്മസിന്റെ പ്രാമാണികത

യേശുക്രിസ്തുവിന്റെ ജന്മദിനം കൊണ്ടാടുന്നത് പുണ്യവും സ്വർഗരാജ്യ പ്രവേശന ഹേതുവുമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. പക്ഷേ, മഹാനായ യേശു തന്റെ അനുയായികളോട് അങ്ങനെ ചെയ്യാൻ കൽപിച്ചതായി സുവിശേഷങ്ങളിലെവിടെയുമില്ല. അതിന് പ്രേരിപ്പിച്ചതായും കാണുന്നില്ല. എന്നാൽ ക്രൈസ്തവതയിൽ ഇന്ന് കാണുന്ന മിക്ക ആചാരങ്ങൾക്കും പ്രാമാണിക പരിവേഷം പകർന്ന പൗലോസിന്റെ ലേഖനങ്ങളിലും (പുതിയ നിയമത്തിൽ) ക്രിസ്മസ് പ്രതിപാദിച്ചിട്ടില്ല.

### ക്രിസ്മസ് ആഘോഷമായതെങ്ങനെ?

ഇന്നത്തെ ക്രിസ്തുമതത്തിന്റെ അടിത്തറയായ ത്രിത്വവിശ്വാസവും അതിന്റെ നെടുംതൂണുകളായ കുരിശുമരണവും പാപപരിഹാര സിദ്ധാന്തവും വിജാതീയരിൽനിന്ന് സ്വീകരിച്ച പ്രകാരം, പിൽക്കാലത്ത് സ്വീകരിക്കപ്പെട്ട പുത്തൻ ആചാരങ്ങളാണ് ക്രിസ്മസ്, ദുഃഖവെള്ളി– ഈസ്റ്റർ തുടങ്ങിയവ.

പ്രവാചകന്മാരുടെ ജയന്തി–സമാധികൾ അവരുടെ ജീവിതകാലം കഴിഞ്ഞ് മുന്നൂറും നാനൂറും വർഷങ്ങൾക്ക് ശേഷമാണ് ആരംഭിച്ചിട്ടുള്ളത്. ഇത് തികച്ചും പൗരോഹിത്യ സൃഷ്ടിയല്ലാതെ മറ്റെന്താണ്?

യേശുവിന്റെ കാലശേഷം മുന്നൂറ് വർഷങ്ങൾ കഴിഞ്ഞാണ്

ക്രിസ്തു ജയന്തി ആഘോഷത്തിന് തുടക്കം കുറിച്ചത്. എ.ഡി 5–ാം നൂറ്റാണ്ട് വരെ റോമക്കാരുടെ മതമായിരുന്ന മിത്രമതത്തിന്റെ ശക്തമായ സ്വാധീനം ഏറെക്കുറെ എല്ലാ ക്രൈസ്തവ ആചാരങ്ങളിലും കാണാവുന്നതാണ്. എ.ഡി 313 ലെ മിലാൻ വിളംബര (Edict of Milan)ത്തോടെ ക്രിസ്തുമതം റോമിന്റെ ഔദ്യോഗിക മതമായി അന്നത്തെ ചക്രവർത്തി കോൺസ്റ്റന്റൈൻ പ്രഖ്യാപിച്ചു. എ.ഡി 325ലെ നിഖ്യാ കൗൺസി(Nicaea council)ലിൽ ചക്രവർത്തി ദൈവത്തിന്റെ ദ്വിത്വം അംഗീകരിച്ചപ്പോൾ ത്രിത്വവാദികളായ അതനാസിയസും (Athanassias) കൂട്ടരും ചക്രവർത്തിയെ പ്രീണിപ്പിക്കാൻ പല നിയമങ്ങളും മിത്രമതാചാരങ്ങളിൽനിന്നും അംഗീകരിച്ചിരുന്നു. മിത്രമത വിശ്വാസികളുടെ തണലിൽ അവരുമായി കൊണ്ടും കൊടുത്തും കഴിഞ്ഞുകൂടിയ ക്രൈസ്തവർ സൂര്യദേവനായ മിത്രദേവന്റെ ജന്മദിനമായി റോമക്കാർ ആചരിച്ചിരുന്ന ഡിസംബർ 25 തങ്ങളുടെ രക്ഷകന്റെയും ജയന്തിയാക്കി ആഘോഷിക്കാൻ തീരുമാനിക്കുകയായിരുന്നു. അങ്ങനെ എ.ഡി 336ൽ ക്രൈസ്തവർ “ദൈവത്തിന്റെയും സർവജനത്തിന്റെയും മുമ്പാകെ പ്രവൃത്തിയിലും വാക്കിലും ശക്തനായ പ്രവാചകനായിരുന്ന” (ലൂക്കോസ് 24:19) മഹാനായ യേശുവിന്റെ ജന്മദിനം ആഘോഷിക്കുന്ന സമ്പ്രദായത്തിന് തുടക്കം കുറിച്ചു. എ.ഡി 1100 ആയപ്പോഴേക്കും ക്രിസ്മസ് യൂറോപ്പിലെ ഏറ്റവും വലിയ മതാഘോഷമായി മാറുകയായിരുന്നു. എന്നാൽ പരിഷ്കരണ പ്രസ്ഥാനമായി 1500ൽ ബ്രിട്ടനിൽ രൂപപ്പെട്ട പ്രൊട്ടസ്റ്റന്റ് വിഭാഗം ഈ ആഘോഷത്തെ ശക്തമായി എതിർത്തിരുന്നു. തുടർന്ന് 1600കളിൽ ഇംഗ്ലണ്ടിലും അമേരിക്കയിലെ ബ്രിട്ടീഷ് കോളനികളിലും പ്രസ്തുത ആഘോഷത്തിന് ക്രൈസ്തവർ വിലക്കേർപ്പെടുത്തിയിരുന്നു. ക്രിസ്മസിനെ പ്രമാണ വിരുദ്ധമായ ആചാരമായിട്ടാണ് അവർ വിലയിരുത്തിയത്.

പുണ്യകർമമെന്ന പരിവേഷം നൽകപ്പെട്ട് ആചരിക്കപ്പെടുന്ന ഏതു സമ്പ്രദായത്തിനും പ്രമാണങ്ങളുടെ പിൻബലമില്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുമ്പോൾ അവയുടെ വാഹകർ അവലംബിക്കുന്ന ഒരു സൂത്രമുണ്ട്. മിത്തുകളിലോ, സങ്കൽപങ്ങളിലോ, ബഹുജനങ്ങളുടെ മതവൈകാരികതയിലോ മൃദുല ഭാവങ്ങളിലോ അഭയം തേടുക.

ബ്രിട്ടാനിക്കയിൽ ഇങ്ങനെ കാണാം: “ക്രിസ്ത്യാനികൾ എന്തുകൊണ്ടാണ് ഡിസംബർ 25 ആഘോഷിക്കുന്നതെന്നുള്ളത് അനിശ്ചിതത്വത്തിൽ നിൽക്കുന്ന കാര്യമാണ്. മുൻകാല ക്രൈസ്തവർ– റോമക്കാർ തങ്ങളുടെ അതിജയിക്കപ്പെടാനാവാത്ത സൂര്യദേവന്റെ ജന്മദിനമാഘോഷിച്ചിരുന്ന തീയതിയുമായി യോജിപ്പിലെത്തിയതിന്റെ ഫലമാണ് എന്നതാണ് ഏറ്റവും സാധ്യതയുള്ള കാരണമായി കാണപ്പെടുന്നത്.” (Encyclopedia of Britanica - 1992 - Edition 15, Vol. 3, P. 283)

ഭൂരിഭാഗം വരുന്ന കത്തോലിക്കാ വിഭാഗവും അംഗീകരിക്കുന്ന ബൈബിൾ നിഘണ്ടു എഴുതുന്നു: “സാർവത്രിക സഭയിൽ ഡിസംബർ 25 ഈശോയുടെ ജനന ദിവസമായി ആഘോഷിക്കുന്നു. വിജാതീയരായ റോമക്കാർ സൂര്യദേവന്റെ ജനനതിരുനാൾ ആഘോഷിച്ചിരുന്നത് ഈ ദിവസമായിരുന്നു. ഈ ആഘോഷമായി ബന്ധപ്പെട്ടായിരിക്കാം നീതി സൂര്യനായ ഈശോയുടെ ജനനതിരുനാൾ ഡിസംബർ 25ന് തന്നെ ആഘോഷിച്ചത്. ആരംഭത്തിൽ ലത്തീൻ സഭ മാത്രമേ ഡിസംബർ 25 ഈശോയുടെ ജനനത്തിരുനാളായി ആഘോഷിച്ചിരുന്നുള്ളു. പിന്നീട് അർമേനിയൻ സഭ ഒഴികെ എല്ലാ സഭകളും ഈ രീതി തന്നെ സ്വീകരിച്ചു. ഈശോയുടെ ജനനദിവസം ഏതെന്ന് വിശുദ്ധ ഗ്രന്ഥത്തിൽ കൃത്യമായി സൂചന ഇല്ലാത്തതുകൊണ്ട് ആദ്യ നൂറ്റാണ്ടുകളിൽ മിശിഹായുടെ ജനനം പൗരസ്ത്യ സഭകളിൽ ജനുവരി ആറിന് ആഘോഷിച്ചതായും കാണുന്നു.” (ദൈവശാസ്ത്ര നിഘണ്ടു, ചീഫ് എഡി. ഡോ. ജോസഫ് കല്ലറങ്ങാട്ട്, പേജ് 141).

ക്രിസ്മസ് ആഘോഷം വിശുദ്ധ ഗ്രന്ഥത്തിൽ(ബൈബിളിൽ) യാതൊരു തെളിവുമില്ലാത്ത വിജാതീയ ഉൽപന്നമാണെന്നാണ് ദൈവശാസ്ത്ര നിഘണ്ടുവിന്റെ ഉപര്യുക്ത വചനങ്ങളുടെ താൽപര്യം.

മറ്റൊരു വിഖ്യാത ചരിത്ര വിജ്ഞാനകോശം എഴുതുന്നു: “ഡിസംബർ 25 യേശുക്രിസ്തുവിന്റെ ജനദിനാഘോഷമായി ആചരിക്കപ്പെടുന്ന ഒരു ക്രൈസ്തവ ഉത്സവ ദിനമാണ്. ചരിത്രപരമായി ഈ ദിനത്തിന് ആധികാരികത കുറവാണ്. യഥാർഥത്തിൽ ക്രിസ്തുമതത്തിന്റെ ആഗമനത്തിനു മുമ്പും ബ്രിട്ടനിൽ പാഗൺ മതത്തിന്റെ ഭാഗമായി പ്രസ്തുത ദിവസം കൊണ്ടാടിയിരുന്നു.” (Longman illustrated Encyclopedia of world History. 1991 London. Page 173)

വിഖ്യാത വിജ്ഞാനകോശമായ *വേൾഡ് ബുക്ക്* ഇങ്ങനെ രേഖപ്പെടുത്തുന്നു: “എ.ഡി 336ലാണ് ആദ്യമായി ക്രിസ്തു ജയന്തി ആഘോഷിച്ചതായി കാണപ്പെടുന്നത്. അക്രൈസ്തവരും റോമക്കാരുമായ പാഗൺ മതവിശ്വാസികളുടെ ആഘോഷത്തിന്റെ സ്വാധീനം തന്നെയാണിതെന്നാണ് വിലയിരുത്തപ്പെടുന്നത്. റോമക്കാർ അവരുടെ സൂര്യദേവനായ മിത്രദേവന്റെ അനുമസ്മരണമായി ശൈത്യകാലത്ത് ആഘോഷിച്ച് വന്നിരുന്നു.” (The World Book - Vol.3, P. 487, Published by Encyclopedia International, USA, year 1994)

ഇവിടെ ഉദ്ധരിക്കപ്പെട്ട ബൈബിൾ നിഘണ്ടുവും വിജ്ഞാനകോശങ്ങളും ക്രിസ്ത്യൻ പണ്ഡിതന്മാർ തന്നെ തയാറാക്കിയിട്ടുള്ളവയാണ്.

മലയാളത്തിലെ പ്രശസ്തമായ ഒരു വിജ്ഞാന കോശം രേഖപ്പെടുത്തുന്നു: “അങ്ങനെ റോമാ സാമ്രാജ്യത്തിലെങ്ങും ഉത്സവാന്തരീക്ഷം സജീവമായിരുന്ന ഡിസംബർ 25ന് യേശുക്രിസ്തുവിന്റെ ജന്മദിനം ആഘോഷിക്കാൻ റോമിലെ മാർപാപ്പയായ ഗ്രിഗറിയും പിൻഗാമികളും ക്രിസ്ത്യാനികൾക്കനുവാദം നൽകി. റോമിൽ ആദ്യ ദശകങ്ങളിൽ ക്രിസ്ത്യാനികൾ ന്യൂനപക്ഷമായിരുന്നു. ആർത്തുല്ലസിച്ച് ഉത്സവമാഘോഷിക്കുന്ന അക്രൈസ്തവരായ റോമക്കാരുമൊത്ത് ക്രൈസ്തവോചിതമായി സന്തോഷിക്കുന്നതിന് വേണ്ടിയാണ് ഡിസംബർ 25ന് (സൂര്യോത്സവദിനം) ക്രിസ്മസ് ആചരിക്കാൻ പാശ്ചാത്യ ക്രിസ്തുസഭ നിശ്ചയിച്ചത്. പാശ്ചാത്യ ക്രൈസ്തവ സഭയുടെ ഈ നിശ്ചയം പൗരസ്ത്യ ക്രൈസ്തവ സഭകളും യഥാകാലം സ്വാഗതം ചെയ്തു.” (സർവ വിജ്ഞാനകോശം, പ്രസാധനം: The Institute of Encyclopedia Publication Vol 9 p. 368, year 1990)

### ക്രിസ്മസ് ട്രീ

ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ച് ആദ്യവാരം മുതൽ തന്നെ വീടുകളിലും ദേവാലയങ്ങളിലും പൊതു നിരത്തുകളിലും, ഇക്കാലത്ത് ചെറിയ കടകൾ മുതൽ വലിയ സൂപ്പർമാർക്കറ്റുകളിൽ വരെയും വ്യത്യസ്ത നിറങ്ങളിലും സ്വർണ നൂല് കെട്ടിയ സമ്മാന പൊതികൾ, നക്ഷത്രങ്ങൾ, ഇലക്ട്രിക് ബൾബുകൾ, വർണ ശബളമായ രസക്കുടുക്കുകൾ തുടങ്ങിയവ കൊണ്ട് അലങ്കരിച്ച് നിർത്തുന്ന ഒരു പൈൻ വൃക്ഷമാണ് ക്രിസ്തുമസ് ട്രീ. ആഘോഷത്തിൽ നല്ല പങ്ക് വഹിക്കുന്ന ക്രിസ്മസ് ട്രീയുടെയും ചരിത്രം പരിശോധിക്കുമ്പോൾ അതിന്റെ വേരുകൾ ചെന്നെത്തുന്നത് അന്യസമുദായങ്ങളിലാണെന്നാണ് ചിലരുടെ വീക്ഷണം.

പുരാതന ഈജിപ്തുകാർ, ചൈനക്കാർ, എബ്രായർ തുടങ്ങിയവർ 'പൈൻ വൃക്ഷ'ത്തെ അനശ്വര ജീവിതത്തിന്റെ പ്രതീകമായി കണ്ടിരുന്നു. ക്രിസ്ത്യാനികൾ ഇത് സ്വീകരിച്ചത് ജർമൻകാരിൽനിന്നാണ്. വൃക്ഷാരാധകരായ ജർമൻകാർ ക്രിസ്തുമതം സ്വീകരിച്ചപ്പോൾ അവരിലെ പഴയ വൃക്ഷപൂജ ക്രൈസ്തവവൽക്കരിക്കപ്പെട്ടതാണ് ഇന്നുള്ള ക്രിസ്മസ് ട്രീ എന്നാണ് ഒരു അഭിപ്രായം.

സർവവിജ്ഞാന കോശം എഴുതുന്നു: "ആധുനിക ക്രിസ്മസ് ട്രീ ആചാരം പടിഞ്ഞാറൻ ജർമനിയിൽ ഉൽഭവിച്ചതാണ്." (Encyclopedia of Britanica, Vol. 3, Page 284, year 1994)

### ക്രിസ്മസ് കാർഡ്

19-ാം നൂറ്റാണ്ടിൽ ഇംഗ്ലണ്ടിലെ ക്രൈസ്തവർ ക്രിസ്തുമതത്തിലേക്ക് സംഭാവന ചെയ്തതാണ് ക്രിസ്മസ് പുതുവത്സരാശംസാ കാർഡുകൾ. 1843ൽ ലണ്ടനിൽ ജെ.സി ഹോർസലി എന്ന വ്യക്തി തന്റെ സുഹൃത്ത് സർ ഹെന്റിക്കയച്ചതാണ് ഇന്ന് ആഘോഷ ഭാഗമായി ലോകമെങ്ങും പരക്കുന്ന ക്രിസ്മസ് കാർഡുകൾ.

ക്രിസ്മസിന് പൊലിമ നൽകാൻ തയാറാക്കപ്പെടുന്ന പലതും വിജാതീയരിൽനിന്ന് ഏറ്റുവാങ്ങി അൽപം മിനുക്ക് പണികൾ ചെയ്തു ക്രൈസ്തവവൽക്കരിക്കപ്പെട്ടതാണ്. ദൈവിക കൽപനകൾക്കും നിയമങ്ങൾക്കും വിരുദ്ധമായി ആചാരങ്ങളും അനുഷ്ഠാനങ്ങളും തന്നിഷ്ടപ്രകാരം ദൈവിക മതങ്ങളിൽ കൂട്ടിച്ചേർക്കുന്നതിനെ അവസാന വേദഗ്രന്ഥമായ വിശുദ്ധ ഖുർആൻ നിരൂപണം ചെയ്തിട്ടുണ്ട്: "പറയുക വേദക്കാരേ, സത്യത്തിന്നെതിരായി കൊണ്ട് നിങ്ങളുടെ മതകാര്യത്തിൽ നിങ്ങൾ അതിര് കവിയരുത്. മുമ്പേ പിഴച്ച് പോവുകയും ധാരാളം പേരെ പിഴപ്പിക്കുകയും സന്മാർഗത്തിൽനിന്ന് വ്യതിചലിക്കുകയും ചെയ്ത ജനതയുടെ തന്നിഷ്ടങ്ങളെ നിങ്ങൾ പിൻപറ്റരുത്." (ഖുർആൻ 5:77).

പുതിയ പുതിയ ആചാരങ്ങൾ വരുമ്പോൾ വിദ്വാന്മാരായ വിശ്വാസികൾ പ്രമാണത്തിന്റെ വെളിച്ചത്തിൽ അതിനെ ചോദ്യം ചെയ്യാതിരിക്കുന്നതിനെയും ഖുർആൻ വിമർശിക്കുന്നു.

"അവർ ചെയ്തിരുന്ന ദുരാചാരത്തെ അവർ അന്യോന്യം തടയുമായിരുന്നില്ല, അവർ ചെയ്തുകൊണ്ടിരിക്കുന്നത് വളരെ ചീത്ത തന്നെ." (ഖുർആൻ 5:79).

### ഡിസംബർ 25 നോ?

യേശുക്രിസ്തുവിന്റെ ജനനദിവസവും മാസവുമെല്ലാം സംബന്ധിച്ച് ഇന്നും തർക്കം ബാക്കി നിൽക്കുമ്പോൾ ക്രിസ്മസ് ആഘോഷത്തിന്റെ മാത്രമല്ല, ആഘോഷത്തിന് വേണ്ടി തെരഞ്ഞെടുക്കപ്പെട്ട മാസത്തിന്റെയും ദിവസത്തിന്റെയും കൂടി ആധികാരികത സംശയാസ്പദമാണ്. യേശുക്രിസ്തു ജനിച്ചത് ഡിസംബർ മാസത്തിലാണ് എന്ന് പറയാൻ എന്താണ് ആധികാരികമായ തെളിവ്?

യേശുവിന്റെ ജന്മദിനമായി വ്യത്യസ്ത മാസങ്ങളും ദിവസങ്ങളുമായിരുന്നു 4-ാം നൂറ്റാണ്ട് വരെ ഗണിക്കപ്പെട്ടിരുന്നത്.

"4-ാം നൂറ്റാണ്ട് വരെ യേശുവിന്റെ ജനനമായി പൊതുവെ അംഗീകരിക്കപ്പെട്ടിരുന്നത് മാർച്ച് 28, ഏപ്രിൽ 18, മെയ് 19 തീയതികളായിരുന്നു." (Will Durant, Seaser and Christ Simon and Schuster, p. 558)

"എന്തുകൊണ്ടാണ് ക്രൈസ്തവർ ഡിസംബർ 25 ക്രിസ്തുവിന്റെ ജന്മദിനമായി ആഘോഷിക്കുന്നത് എന്ന കാര്യം അനിശ്ചിതത്വത്തിൽ അവശേഷിക്കുന്നു." (Britanica Vo. 3, p. 283, 1992)

ബൈബിളും ഖുർആനും ക്രിസ്തുവിന്റെ ജനന വൃത്താന്തം വിവരിക്കുന്നുണ്ടെങ്കിലും ഇരു ഗ്രന്ഥങ്ങളും ജനന ദിവസമോ മാസമോ വെളിപ്പെടുത്തുന്നില്ല. ഖുർആനിൽ സൂറ മർയം 22 മുതൽ 33 വചനം വരെയും, ബൈബിൾ പുതിയ നിമയത്തിൽ മത്തായി ഒന്നാം അധ്യായം 18 മുതൽ 25 വരെയുള്ള വചനങ്ങളിലും, ലൂക്കോസിന്റെ സുവിശേഷം ഒന്നാം അധ്യായം 26 മുതൽ 38 വരെയുള്ള വചനങ്ങളിലും, 2ാം അധ്യായം 1 മുതൽ 14 വരെയുള്ള വചനങ്ങളിലും യേശുവിന്റെ ജനന വൃത്താന്തം പ്രതിപാദിക്കുന്നുണ്ട്. മാർകോസും യോഹന്നാനും ജനനത്തെപ്പറ്റി സംസാരിക്കുന്നില്ല. ലൂക്കോസിന്റെ സുവിശേഷവും (അധ്യായം 2:1-14) ഖുർആൻ (19:23-26) വചനങ്ങളും പരിശോധിക്കുമ്പോൾ യേശുവിന്റെ ജന്മദിനം ഡിസംബർ മാസത്തിലാകാൻ സാധ്യത ഇല്ലെന്നാണ് വ്യക്തമാകുന്നത്.

ലൂക്കോസ് എഴുതുന്നു: "യോസേഫും ഗലീലയിലെ നഗരമായ നസ്രത്തിൽനിന്ന് യൂദായിലെ ബത്‌ലഹേം എന്ന് പേരുള്ള ദാവീദിന്റെ നഗരത്തിലേക്ക് ഗർഭിണിയായ പ്രതിശ്രുത വധു മർയമി

**യേശുക്രിസ്തുവിന്റെ ജന്മദിനം കൊണ്ടാടുന്നത് പുണ്യവും സ്വർഗരാജ്യ പ്രവേശന ഹേതുവുമായിട്ടാണ് പരിഗണിക്കപ്പെടുന്നത്. പക്ഷേ, മഹാനായ യേശു തന്റെ അനുയായികളോട് അങ്ങനെ ചെയ്യാൻ കൽപിച്ചതായി സുവിശേഷങ്ങളിലെവിടെയുമില്ല. അതിനും പ്രേരിപ്പിച്ചതായോ കാണുന്നുമില്ല.**

നോട് കൂടി പേരെഴുതിക്കാൻ പോയി... അവിടെ വെച്ച് അവൾക്ക് പ്രസവ സമയമായി. അവൾ തന്റെ കടിഞ്ഞൂൽ പുത്രനെ പ്രസവിച്ചു. ശിശുവിനെ ശീലകളിൽ പൊതിഞ്ഞ് ഒരു പുൽത്തൊട്ടിൽ കിടത്തി, സത്രത്തിൽ അവർക്ക് സ്ഥലം കിട്ടിയിരുന്നില്ല. ആ പ്രദേശത്തെ പുറംവയലുകളിൽ വെളിമ്പ്രദേശത്ത് തങ്ങളുടെ ആട്ടിൻ കൂട്ടത്തെ രാത്രിയിൽ കാത്ത് കഴിയുന്ന ഇടയന്മാർ ഉണ്ടായിരുന്നു. കർത്താവിന്റെ ഒരു മാലാഖ അവർക്ക് പ്രത്യക്ഷപ്പെട്ടു. കർത്താവിന്റെ തേജസ് അവർക്ക് ചുറ്റും വിളങ്ങി. അവർ ഭയചകിതരായി..... മാലാഖമാർ തങ്ങളുടെ അടുക്കൽ നിന്ന് സ്വർഗത്തിൽ പോയപ്പോൾ ഇടയന്മാർ പരസ്പരം പറഞ്ഞു: നമുക്ക് ബത്‌ലഹേമിൽ പോയി നമ്മെ അറിയിച്ച സംഭവം കാണാം, അവർ മർയമിനെയും യോസേഫിനെയും പുൽതൊട്ടിൽ കിടക്കുന്ന യോസേഫിനെയും കണ്ടു." (ലൂക്കോസ്: 2:4–16)

ഉപര്യുക്ത വചനങ്ങളിൽ 8–ാം വചനത്തിൽ ആട്ടിൻകൂട്ടത്തിന് രാത്രി കാവൽനിൽക്കുന്ന ആട്ടിടയന്മാരെപ്പറ്റി പരാമർശമുണ്ട്. എന്നാൽ ശക്തമായ തണുപ്പനുഭവപ്പെടുന്ന ഡിസംബർ മാസത്തിൽ, അതും രാത്രിയിൽ തുറന്ന സ്ഥലത്ത് ആട്ടിടയന്മാർ കാവൽ നിൽക്കാറില്ല. ആയതിനാൽ പ്രസ്തുത കാലം ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ എന്നീ മാസങ്ങളിലേതെങ്കിലുമൊന്നായിരിക്കാനാണ് സാധ്യതയെന്നാണ് പ്രബലമായ വിലയിരുത്തൽ. യഹോവ സാക്ഷികളുടെ വീക്ഷണത്തിൽ ഒക്ടോബർ മാസം ആദ്യ ദിവസമാണ് യേശുവിന്റെ ജനനദിവസം. ഈ മാസം ആട്ടിടയന്മാർ മേക്കുന്ന കാലമാണ്. എന്നാൽ ഇത്തരം പ്രപഞ്ച വീക്ഷണങ്ങൾക്ക് ചില ബൈബിളുകളിൽ ലൂക്കോസ് 2:8ന്റെ വിവരണത്തിന് അടിക്കുറിപ്പുകൾ നൽകിയതായി കാണാം.

"does not necessarily mean it was summer, the dry season." "ഇത് വേനൽകാലമായിരുന്നുവെന്ന് അർഥമാക്കേണ്ട ആവശ്യമില്ല."

(The NIV Study Bible 1995 Zondervan publishing House USA)

ഇവിടെ യേശുവിന്റെ ജനനകാലം വിശദീകരിക്കുമ്പോൾ ഖുർആനും ബൈബിളും വൈരുധ്യമാവുകയല്ല, വിഷയത്തിന്റെ വിവിധ തലങ്ങൾ പ്രതിപാദിക്കുകയാണ്. ഇരു ഗ്രന്ഥത്തിലെയും വാക്കുകൾ സൂചിപ്പിക്കുന്നത് ഉഷ്ണ കാലത്തെയാണ്, തണുപ്പ് കാലത്തെയല്ല എന്നത് സുതരാം വ്യക്തമാകുന്നു. മാത്രമല്ല, ഇസ്രയേലിൽ ഈത്തപ്പഴം പാകമാകുന്നത് യഹൂദരുടെ ഏലൂർ– (അറബിയിൽ അയ്‌ലൂൽ മാസം) മാസത്തിലാണ്. ഇതിനെ സെപ്റ്റംബർ മാസമെന്ന് വിളിക്കുന്നു.

ക്രിസ്തുവിന്റെ ജന്മദിനത്തെക്കുറിച്ച് നൂറ്റാണ്ടുകളായി ഭിന്നാഭിപ്രായം നിലനിൽക്കുന്നുവെങ്കിലും ക്രൈസ്തവ സഭകൾ അത് കാര്യമായെടുക്കാറില്ല. സുവിശേഷ കർത്താക്കളാരും തന്നെ ജന്മദിവസം രേഖപ്പെടുത്തുകയോ ജന്മദിനാഘോഷത്തെപ്പറ്റി സൂചിപ്പിക്കുകയോ ചെയ്തിട്ടില്ല.

ജന്മദിവസത്തിന്റെയും മാസത്തിന്റെയും കാര്യത്തിലുള്ള ഭിന്നാഭിപ്രായം ആഘോഷത്തെ ബാധിക്കേണ്ടതില്ലെന്നും അതിന്റെ ചൈതന്യമാണ് കാത്തു സൂക്ഷിക്കേണ്ടതെന്നുമാണ് അവരുടെ നിലപാട്.

വിശുദ്ധ ഖുർആൻ ഈസാ(അ) യുടെ ജനനവിവരം രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്:

"അങ്ങനെ അവനെ (ഈസായെ) ഗർഭം ധരിക്കുകയും അവൾ (മർയം) അകലെ ഒരു സ്ഥത്ത് അതുമായി മാറി താമസിക്കുകയും ചെയ്തു. പ്രസവവേദന അവളെ ഒരു ഈത്തപ്പന വൃക്ഷത്തിനടുത്തേക്ക് കൊണ്ടുവന്നു. അവൾ പറഞ്ഞു: ഇതിന് മുമ്പ് ഞാൻ മരിക്കുകയും വിസ്മരിക്കപ്പെട്ടവളാവുകയും ചെയ്തിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ഉടനെ അവൾ നിൽക്കുന്നതിന്റെ താഴ്ഭാഗത്തുനിന്ന് ഒരാൾ അവളെ വിളിച്ച് പറഞ്ഞു: നീ വ്യസനിക്കേണ്ട, നിന്റെ രക്ഷിതാവ് നിന്റെ താഴ്ഭാഗത്ത് ഒരു അരുവി ഉണ്ടാക്കിത്തന്നിരിക്കുന്നു. നീ ഈന്തപ്പനമരം നിന്റെ അടുക്കലേക്ക് പിടിച്ചു കുലുക്കിക്കൊള്ളുക. അത് നിനക്ക് പാകമായ ഈന്തപ്പഴം വീഴ്ത്തിത്തരുന്നതാണ്. അങ്ങനെ നീ തിന്നുകയും കുടിക്കുകയും കൺകുളിർത്തിരിക്കുകയും ചെയ്യുക (ഖുർആൻ 19:22–26).

ഈ സൂക്തങ്ങളിൽ ഈത്തപ്പഴം പഴുക്കുന്നതും അത് വീഴുന്നതും സൂചിപ്പിച്ചിരിക്കുന്നു. കൊടും തണുപ്പുള്ള ഡിസംബർ മാസത്തിലല്ല ഈന്തപ്പഴം പഴുക്കുന്നതും പാകമാകുന്നതും, പ്രത്യുത അത്യുഷ്ണകാലത്താണ്.

പോപ്പുലർ മിഷൻ മുഖപത്രം 'വചനോത്സവം' എഴുതുന്നു:

"അപ്പോൾ ക്രിസ്തു ജനിച്ചിരിക്കുന്നത് ഇന്നാണ്. ഇന്നലെയോ മിനിഞ്ഞാന്നോ അല്ല. ഡിസംബർ 25നോ രണ്ടായിരം വർഷങ്ങൾക്കപ്പുറത്തോ അല്ല. ഇന്നാണ് രക്ഷകനും കർത്താവുമായ ക്രിസ്തു ജനിച്ചിരിക്കുന്നത്. ഡിസംബർ 25ന് സഭാ മക്കൾ ഒന്നുചേർന്ന് ആ പുണ്യം ആഘോഷിക്കുകയാണ്. ഇവിടെ ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ചോ തീയതിയെക്കുറിച്ചോ അല്ല നാം ചിന്തിക്കേണ്ടത്" (വചനോത്സവം മാസിക, ഡിസംബർ 2003 പോട്ട, ചാലക്കുടി).

ആചാരങ്ങൾ സ്വയം നിർമിച്ച് മതാനുഷ്ഠാനങ്ങളാക്കി മാറ്റുന്ന പ്രവണതയെ കുറിച്ച് വിശുദ്ധ ഖുർആൻ പറയുന്നത് ഇവിടെ സ്മരിക്കാം.

"അത് അവരുടെ വായ കൊണ്ടുള്ള വർത്തമാനം മാത്രം, മുമ്പ് അവിശ്വസിച്ചവരുടെ വാക്കിനെ അവർ അനുകരിക്കുകയായിരുന്നു" (ഖുർആൻ 9:30). ■

aburaze@gmail.com